# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു യാത്ര തിരിച്ചു.
   **President Murmu Departs for Two-Nation Visit to Portugal and Slovakia.**
2. പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിൽ 8,300 കോടി രൂപയുടെ പദ്ധതികൾക്കു തുടക്കം കുറിച്ചു; രാമേശ്വരത്ത് പുതിയ പാമ്പൻ പാലം രാഷ്ട്രത്തിന് സമർപ്പിച്ചു.
   **PM Modi Inaugurates Pamban Sea Bridge, Unveils ₹8,300 Cr Projects in Tamil Nadu.**
3. അധികാരത്തിനും സ്ഥാനങ്ങൾക്കും വേണ്ടി ആശയങ്ങളിൽ വിട്ടുവീഴ്ച ചെയ്തില്ലെന്ന് ബിജെപി സ്ഥാപക ദിനത്തിൽ ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ.
   **BJP National President JP Nadda says on Foundation Day that the BJP has never compromised with its ideology for power and position.**
4. സിപിഐ എം ജനറൽ സെക്രട്ടറിയായി എം.എ. ബേബിയെ മധുരയിൽ ചേർന്ന ഇരുപത്തിനാലാം പാർട്ടി കോൺഗ്രസ് തെരഞ്ഞെടുത്തു.
   **The 24th congress of CPI(M), which concluded in Madurai on Sunday, elected M.A. Baby as the general secretary.**
5. ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.
   **Health Minister Veena George will inaugurate the state-level World Health Day celebrations in Thiruvananthapuram tomorrow.**
6. ഐ പി എൽ ക്രിക്കറ്റിൽ ടോസ് നേടിയ ഗുജറാത്ത് ഹൈദരാബാദിനെ ബാറ്റിങ്ങിനയച്ചു.
   **In IPL Cricket, Gujarat won the toss and put Hyderabad in to bat.**

&&&&&&&&&&&&&&&

# HEADLINE 1

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു പോർച്ചുഗൽ-സ്ലോവാക്യ സന്ദർശനത്തിനായി യാത്ര തിരിച്ചു. രാഷ്ട്രപതി നാളെ പോർച്ചുഗലിൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായി ചർച്ച നടത്തും. പോർച്ചുഗൽ പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായും ദേശീയ അസംബ്ലി പ്രസിഡന്റ് ജോസ് പെഡ്രോ അഗ്യുയർ-ബ്രാങ്കോയുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. സ്ലൊവാക്യയിൽ, പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി, പ്രധാനമന്ത്രി റോബർട്ട് ഫിക്കോ എന്നിവരുമായി രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&

# HEADLINE 2

## REV. PM TAMIL NADU VISIT (INTRO)

രാജ്യത്തിന്റെ എല്ലാ കോണുകളെയും കൂട്ടിയിണക്കിയുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി, കഴിഞ്ഞ പത്ത് വർഷങ്ങളിൽ, കേന്ദ്രസർക്കാർ സമർപ്പിത പരിശ്രമം നടത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. തമിഴ്നാട്ടിലെ രാമേശ്വരത്ത് പുതിയ പാമ്പൻപാലം രാഷ്ട്രത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. 8,300 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനപദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിട്ടു. വ്യാപാരവും യാത്രയും സുഗമമാക്കാനും, ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവിതത്തെ ഗുണപരമായി സ്വാധീനിക്കാനും പുതിയ പാലത്തിന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്- പി എം)

കേന്ദ്രസർക്കാർ ശ്രമങ്ങളുടെ ഫലമായി, കഴിഞ്ഞ പത്ത് വർഷത്തിനിടെ 3700 ഓളം മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ ജയിലുകളിൽ നിന്ന് വിട്ടയച്ചിട്ടുണ്ടെന്നും ശ്രീ. മോദി വ്യക്തമാക്കി.

&&&&&&&&&&&&&&&

## PM SRILANKA VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്നു ദിവസത്തെ ശ്രീലങ്കൻ സന്ദർശനം പൂർത്തിയായി. ശ്രീലങ്കയുടെ വികസനയാത്രയിൽ പിന്തുണ നൽകുന്നതിൽ ഇന്ത്യക്ക് അഭിമാനമുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ സഹായത്തോടെയുള്ള 'മഹോ-ഒമന്തായി' റെയിൽപ്പാത ശ്രീ. മോദിയും ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകേയും സംയുക്തമായി ഉദ്ഘാടനം ചെയ്തു. അനുരാധപുരിയിലെ ജയ ശ്രീ മഹാബോധി ക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനം നടത്തി. സന്ദർശനവേളയിൽ 14 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്ക മോചിപ്പിച്ചു. മത്സ്യബന്ധനത്തിനിടെ സമുദ്രാതിർത്തി ലംഘിച്ചെന്നാരോപിച്ച് പിടിയിലായവരെയാണ് വിട്ടയച്ചത്.

&&&&&&&&&&&&&&&

## AMIT SHAH – IFFCO

നാനോ യൂറിയ, നാനോ ഡി.എ.പി എന്നിവയിലൂടെ IFFCO, ആഗോളതലത്തിൽ ഇന്ത്യയുടെ കീർത്തി വർദ്ധിപ്പിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ. ഗുജറാത്തിലെ ഗാന്ധിനഗറിൽ സഹകരണ മേഖലയിലെ പ്രമുഖ വളം ഉൽപ്പാദകരായ IFFCO യുടെ സുവർണ ജൂബിലി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. IFFCO യുടെ വിത്ത് ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

&&&&&&&&&&&&&&&

## AMIT SHAH VISIT RAJASTHAN

രാജസ്ഥാനിലെ കോട്പുത്ലിയിൽ യോഗി ബാബ ബാൽനാഥ് തപ്പോസ്സ്ഥലിയിൽ നടന്ന മഹായജ്ഞ-സമാപന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പങ്കെടുത്തു. 'സനാതൻ ധർമ്മ സമ്മേളൻ' പരിപാടിയെയും കേന്ദ്രമന്ത്രി അഭിസംബോധന ചെയ്തു. പരിസ്ഥിതി സംരക്ഷണം, സാമൂഹിക ഐക്യം എന്നിവക്കായി ബാബ ബാൽനാഥ് പരിശ്രമിച്ചിരുന്നുവെന്ന് ശ്രീ. ഷാ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

## HEADLINE 3

**REV. BJP FOUNDATION DAY (INTRO)**

അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി ആശയങ്ങളിൽ ബി.ജെ.പി വിട്ടുവീഴ്ച ചെയ്തിട്ടില്ലെന്ന് ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ. സ്ഥാപനദിനത്തോടനുബന്ധിച്ച് ന്യൂ ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

അടുത്ത ഒരാഴ്ചകൊണ്ട് അഞ്ച് ലക്ഷത്തോളം ബൂത്തുകളിൽ പാർട്ടി പ്രവർത്തകർ സന്ദർശനം നടത്തും. ജനസംഘത്തിൽ അംഗങ്ങൾ ആയിരുന്നവരെയും ബി ജെ പി യുടെ സ്ഥാപക പ്രവർത്തകരെയും അവർ സന്ദർശിക്കുമെന്നും ശ്രീ. നഡ്ഡ വ്യക്തമാക്കി.

&&&&&&&&&&&&&&&

**RAJEEV CHANDRASEKHAR**

കേരളത്തിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, മാരാർജി ഭവനിൽ പതാക ഉയർത്തി. കേന്ദ്ര സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഹെൽപ്പ് ഡസ്കിന്റെ ഉദ്ഘാടനവുംഅദ്ദേഹം നിർവഹിച്ചു.

&&&&&&&&&&&&&&&

**V SIVAKUTTY - MINIMUM MARK**

എട്ടാം ക്ലാസിൽ മിനിമം മാർക്ക് കിട്ടാത്ത വിദ്യാർത്ഥികൾക്ക് ചൊവ്വാഴ്ച മുതൽ ഈ മാസം 24 വരെ അധിക പിന്തുണാ ക്ലാസ് നൽകുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. 2541 സ്കൂളുകളിൽ നിന്നുള്ള എട്ടാം ക്ലാസ് പരീക്ഷാഫലം നിലവിൽ ലഭ്യമായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## HEADLINE 5

**VEENA GEORGE**

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സർക്കാർ

ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിൻറെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&

# HEADLINE 4

## MA BABY- GEN SEC (INTRO)

സിപിഐ എം ജനറൽ സെക്രട്ടറിയായി എം.എ. ബേബിയെ മധുരയിൽ ചേർന്ന ഇരുപത്തിനാലാം പാർട്ടി കോൺഗ്രസ് തെരഞ്ഞടുത്തു. 18 അംഗ പൊളിറ്റ് ബ്യൂറോയേയും 84 അംഗ കേന്ദ്ര കമ്മിറ്റിയെയും തെരഞ്ഞെടുത്തു. വി എസ് അച്യുതാനന്ദൻ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രി ആയിരുന്നു എം എ ബേബി. രാജ്യസഭാംഗം, കേരള നിയമസഭാംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 2012-ൽ പൊളിറ്റ് ബ്യൂറോ അംഗമായി. ഇന്ത്യൻ രാഷ്ട്രീയത്തിൽ സിപിഐ എമ്മിന്റെ ഇടപെടൽ ശേഷി വർധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി എം എ ബേബി പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

# HEADLINE 6

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ് - ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം. ടോസ് നേടിയ ഗുജറാത്ത് ഹൈദരാബാദിനെ ബാറ്റിങ്ങിനയച്ചു. ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&&&

## I LEAGUE-GOKULAM (INTRO)

ഐ ലീഗ് ഫുട്ബോളിൽ കിരീടമില്ലാതെ ഗോകുലം കേരള. കോഴിക്കോടു നടന്ന, ലീഗിലെ അവസാന മത്സരത്തിൽ ഡെംപോ ഗോവയോട് മൂന്നിനെതിരെ നാലു ഗോളിന് പരാജയപ്പെട്ടതോടെ ഗോകുലത്തിന്റെ കിരീടപ്രതീക്ഷ അവസാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.

(വോയ്സ്)

**&&&&&&&&&&&&&&&**

## INDIAN ASSISTANCE TO MYANMAR

ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി 31 ടൺ അവശ്യസാധനങ്ങൾ മ്യാൻമറിലേക്കയച്ചതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ഉത്തർപ്രദേശിലെ ഗാസിയാബാദ് വ്യോമസേനാ കേന്ദ്രത്തിൽനിന്ന് C-17 ഗ്ലോബ് മാസ്റ്റർ വിമാനത്തിലാണ് മാൻഡലെയിലേക്ക് സഹായമെത്തിച്ചതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. മ്യാൻമറിൻറെ മുതിർന്ന സൈനിക ജനറൽ മാൻഡലെയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സൈന്യത്തിൻറെ അടിയന്തര ആശുപത്രി സന്ദർശിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**&&&&&&&&&&&&&&&**

## MYANMAR- RAINS HAMPER RELIEF

മ്യാൻമറിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,471 ആയി. 200-ലധികം പേരെ ഇനിയും കണ്ടെത്തിയിട്ടില്ല. അതേസമയം മ്യാൻമറിൻ്റെ ചില പ്രദേശങ്ങളിൽ കനത്ത മഴ പെയ്യുന്നതു ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

**&&&&&&&&&&&&&&&**

## INS TRIKAND

ഒമാൻ തീരത്തിന് സമീപം മത്സ്യബന്ധന നൗകയിലെ പാകിസ്ഥാൻ സംഘത്തിന് ഇന്ത്യയുടെ ഐഎൻഎസ് ത്രികണ്ഡ് അടിയന്തര വൈദ്യസഹായം നൽകി. യന്ത്രത്തകരാർ പരിഹരിക്കുന്നതിനിടെ സംഘത്തിലെ ഒരാളുടെ വിരലുകൾക്ക് ഗുരുതര പരിക്കേറ്റിരുന്നു. ആൻ്റിബയോട്ടിക് ഉൾപ്പെടെയുള്ള ചികിത്സാസഹായം നൽകിയതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു.

**&&&&&&&&&&&&&&&**

## US TARIFF

അമേരിക്കയിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച പത്ത് ശതമാനം ഇറക്കുമതി തീരുവ, യു.എസ്. കസ്റ്റംസ് ഈടാക്കിത്തുടങ്ങി. ഇന്നലെ അർധരാത്രി മുതലാണ് ഏകപക്ഷീയമായ പത്ത് ശതമാനം അടിസ്ഥാന ഇറക്കുമതി തീരുവ നിലവിൽ വന്നത്. 57 രാജ്യങ്ങൾക്കുമേൽ ചുമത്തുന്ന, ഇറക്കുമതിക്കായുള്ള പതിനൊന്ന് മുതൽ അൻപത് ശതമാനം വരെയുള്ള പകരച്ചുങ്കം, ബുധനാഴ്ച അർധരാത്രി പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&

## US PROTEST

അേമരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ അമേരിക്കയിൽ വൻ പ്രതിഷേധം. ഡെമോക്രാറ്റുകളുടെ നേതൃത്വത്തിൽ അമേരിക്കയിലെ 50 സംസ്ഥാനങ്ങളിലും പ്രതിഷേധ പ്രകടനങ്ങൾ നടന്നു.

&&&&&&&&&&&&&&&

## STORM IN USA

അമേരിക്കയുടെ മധ്യപൂർവ പ്രദേശങ്ങളിൽ വീശിയടിച്ച കൊടുങ്കാറ്റിൽ മരണസംഖ്യ പതിനാറായി. ടെക്സസ് മുതൽ ഒഹായോ വരെയുള്ള മേഖലകളിൽ വീശിയടിച്ച കൊടുങ്കാറ്റ്, കനത്ത മഴയ്ക്കും, വെള്ളപ്പൊക്കത്തിനും കാരണമായിരുന്നു.

&&&&&&&&&&&&&&&

## UK MP – ISRAEL

ഇസ്രയേൽ സന്ദർശനത്തിനെത്തിയ ബ്രിട്ടീഷ് പാർലമെൻറ് പ്രതിനിധിസംഘത്തിലെ രണ്ടംഗങ്ങളെ ഇസ്രയേൽ തടഞ്ഞു. ഇസ്രയേലിൻ്റെ നടപടി ആശങ്കാജനകമാണെന്ന് ബ്രിട്ടൻ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമി പ്രതികരിച്ചു. ഇസ്രയേൽ ജനതയ്ക്കെതിരെ വിദ്വേഷ പരാമർശം നടത്തിയതിനാലാണ് ഇവർക്ക് പ്രവേശനം നിഷേധിച്ചതെന്ന് ഇസ്രയേൽ ഇമിഗ്രേഷൻ അതോറിറ്റി പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&